സംസ്ഥാനത്ത് ഐ.റ്റി. മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നോട്ടീസ് കൊടുക്കാതെയുള്ള പിരിച്ചുവിടൽ, ദേശീയ ഉത്സവാവധികൾ നൽകാതിരിക്കുക, അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമ്പൻസേറ്ററി ഹോളീഡേയും വേതനവും നിഷേധിക്കുക മുതലായ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ നിയമലംഘനം നടത്തിയതായി ബോദ്ധ്യപ്പെട്ട തൊഴിൽ ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ഐ.ടി.ഐ. പരീക്ഷാകേന്ദ്രം മാറ്റാൻ നടപടി

230 (922) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ.-യിലെ വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി നടത്തുന്ന പരീക്ഷകൾ സാധാരണയായി എവിടെയെല്ലാംവച്ചാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പ്രസ്തുത പരീക്ഷാ കേന്ദ്രം തിരുവനന്തപുരമായി തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇത് വടക്കൻ ജില്ലകളിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരീക്ഷാകേന്ദ്രം അതാത് ഐ.ടി.ഐ.-കളിലോ ജില്ലകളിലോ ഏതെങ്കിലും ഐ.ടി.ഐ.-കളിലോ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ.യിലെ പരീക്ഷകൾ നടത്താറില്ല. എന്നാൽ കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിശ്ചിത ടെക്നിക്കൽ യോഗ്യതയുള്ളതുമായ ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ.യിലെ വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനായി നടത്തുന്ന പരീക്ഷകൾ തിരുവനന്തപുരം, ചാക്ക ഗവ. ഐ.ടി.ഐ.യിൽ വച്ചും പ്രാക്ടിക്കൽ പരീക്ഷകൾ തിരുവനന്തപുരം ജില്ലയിലെ ചാക്ക, ആര്യനാട്, ആറ്റിങ്ങൽ, ധനുവച്ചപുരം എന്നീ 4 ഗവൺമെന്റ് ഐ.ടി.ഐ.കളിൽ വച്ചുമാണ് നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിശ്ചിത യോഗ്യതയുള്ളതുമായ ഉദ്യോഗസ്ഥർക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ പ്രകാരം നടത്തുന്ന പരീക്ഷകൾ മുമ്പ് സംസ്ഥാനത്തെ 14 നോഡൽ ഐ.ടി.ഐ.-കളിൽ വച്ചാണ് നടത്തിവരുന്നത്. എന്നാൽ ടി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെയിനിംഗ് ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ ടി ടെയിനികളുടെ പരീക്ഷകൾ തിരുവനന്തപുരത്തുവച്ച് നടത്താൻ നയപരമായി തീരുമാനമെടുത്തിട്ടുണ്ട്.

(സി) അതാത് നോഡൽ ഐ.ടി.ഐ.-കളിൽ വച്ച് മുമ്പ് നടത്തിവന്നിരുന്ന ടി പരീക്ഷകളുടെ നടത്തിപ്പിനെ സംബന്ധിച്ച് പരാതികൾ ഉണ്ടായതിനാലാണ് തിരുവനന്തപുരത്ത് വച്ച് ടെയിനിംഗ് ഡയറക്ടറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ടി പരീക്ഷകൾ നടത്തിവരുന്നത്. ടി പരീക്ഷകൾ തിരുവനന്തപുരത്തേയ്ക്ക് മാറ്റിയതിനാൽ പരീക്ഷകൾ സുഗമമായി നടത്തിവരുന്നുണ്ട്.

(ഡി) പ്രസ്തുത പരീക്ഷകൾ തിരുവനന്തപുരത്തു വച്ച് ടെയിനിംഗ് ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ നടത്തുന്നതുമൂലം പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് പരാതികൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. നിലവിലെ സാഹചര്യത്തിൽ ടി പരീക്ഷകൾ തിരുവനന്തപുരത്തുനിന്ന് മാറ്റുവാൻ കഴിയുകയില്ല.

ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ

231 (923) ശ്രീ. പാലോട് രവി :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ ;

(സി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മുലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

(ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly